ധനകാര്യ വകുപ്പിൽ പുതുതായി സൃഷ്ടിച്ച തസ്തികകൾ

27 (359) ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്താം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് (1996-98) കമ്മിറ്റി യുടെ പന്ത്രണ്ടാമത് റിപ്പോർട്ടിൽ ധനകാര്യ വകുപ്പിനെ സംബന്ധിച്ച ശുപാർശ കൾ/നിർദ്ദേശങ്ങൾ സർക്കാർ പരിഗണിക്കുകയുണ്ടായോ;

(ബി) ഈ ശുപാർശകളിന്മേൽ/നിർദ്ദേശങ്ങളിൻമേൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകു പ്പിൽ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചു; അവ ഏതെല്ലാമെന്ന് കാറ്റഗറി തിരിച്ച് വ്യക്തമാക്കാമോ;

(ഡി) 1998 ജൂലായ് 21 ന് ശേഷം നാളിതുവരെ ധനകാര്യവകുപ്പിൽ എത്ര തസ്തികകൾ സൃഷ്ടിച്ചു;

(ഇ) അവ ഏതെല്ലാമെന്നും ഓരോ തസ്തികയും എണ്ണവും തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്താം കേരള നിയമസഭയുടെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ 12-ാമത് റിപ്പോർട്ടിൽ ധനകാര്യ വകുപ്പിനെ സംബന്ധിച്ച ശുപാർശകൾ /നിർദ്ദേശങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) ഈ ശുപാർശകളിൻമേൽ / നിർദ്ദേശങ്ങളിമേൽ സർക്കാർ നടപ ടികൾ പൂർത്തിയായിട്ടില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ധനകാര്യ വകു പ്പിൽ പുതുതായി 58 തസ്തികകൾ സൃഷ്ടിച്ചു. ഇവയുടെ കാറ്റഗറി തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

അഡീഷണൽ സെക്രട്ടറി	-	03
ഡെപ്യൂട്ടി സെക്രട്ടറി	-	03
അണ്ടർ സെക്രട്ടറി	-	02
സെക്ഷൻ ഓഫീസർ	-	11
അക്കൗണ്ട്സ് ഓഫീസർ	-	02
അസിസ്റ്റന്റ് ഗ്രേഡ്2	-	15
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	-	03
ഓഫീസ് സൂപ്രണ്ട്	-	01
ടൈപ്പിസ്റ്റ്	-	07
ക്ലറിക്കൽ അസിസ്റ്റന്റ്	-	01
പ്യൂൺ	-	10
		=========
ആകെ	-	58 എണ്ണം
		=========

1189/2010.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) 1998 ജൂലായ് 21 -ന് ശേഷം നാളിതുവരെയും ധനകാര്യ വകുപ്പിൽ ഒരു തസ്തികയും സൃഷ്ടിച്ചിട്ടില്ല.(വ്യയ നിയന്ത്രണ ഉത്തരവുകൾ നിലവിലുള്ളതിനാലാണ് തസ്തികകൾ സൃഷ്ടിക്കാൻ കഴിയാത്തത്).

(ഇ) ബാധകമല്ല

പ്രതിശീർഷ വരുമാനം

28 (360) ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ജനങ്ങളുടെ പ്രതിശീർഷ വരുമാനം എത്രയെന്നു വ്യക്തമാക്കാമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) വിവിധ ജില്ലകളിൽ പ്രതിശീർഷ വരുമാനത്തിലെ അന്തരത്തിൽ കാരണമെന്താണെന്ന് സർക്കാർ പഠിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(ഇ) ഈ അന്തരം ഇല്ലായ്മ ചെയ്യാൻ വികസന പ്രവർത്തനം നടത്തുംപോൾ പിന്നോക്ക ജില്ലകൾക്ക് കൂടുതൽ പരിഗണനനൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) തന്നാണ്ട് വില നിലവാരത്തിൽ 1996-97 ൽ 13089/. രൂപയും 1997-98 ൽ 15195/- രൂപയും (താൽക്കാലിക നിർണ്ണയം) ആകുന്നു. 1998-99 ൽ 1775 (ശീഘ്രഗതി നിർണ്ണയം) രൂപയും ആകുന്നു. സ്ഥിര വിലനിലവാരത്തിൽ (1993-94 വിലയിൽ) 1996-97-ൽ 9039/- രൂപയും 1997-98 (താൽക്കാലിക വില നിർണ്ണയം) 93817 രൂപയും 1998-99(ശീഘ്ര വില നിർണ്ണയം) 9807/ രൂപയും ആകുന്നു.

(ബി) ജില്ല തിരിച്ചുള്ള കണക്ക് പ്രത്യേകം ചേർത്തിട്ടുണ്ട്

(സി,ഡി) പഠനങ്ങൾ ഒന്നും നടത്തിയിട്ടില്ല

(ഇ) ഇപ്പോൾ തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ക്ഷാമബത്ത കുടിശ്ശിക

29 (361) പ്രൊഫ. എ.വി. താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് എത്ര ഗഡു ക്ഷാമബത്തയാണ് കുടിശ്ശികയായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) ഓരോന്നും എന്നു മുതലാണ് കുടിശ്ശികയായിട്ടുള്ളതെന്നും, എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കാമോ;

(സി) ഇവ എന്തുകൊണ്ടാണ് ജീവനക്കാർക്ക് യഥാസമയം ലഭ്യമാക്കാത്തത് എന്ന് വെളിപ്പെടുത്തുമോ;

(ഡി) കുടിശ്ശിക ഗഡുക്കൾ ലഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly